# FRIDAY SERMON /വെള്ളിയാഴ്ച ഖുത്തുബ

**HADHRAT MUHYI-UD-DIN AL-KHALIFATULLAH**

**MUNIR AHMAD AZIM**

**26 OCTOBER 2018**

**(16 SAFAR 1440 AH)**

## "FAITH (IMAN) IN THE HOUR".
## അന്ത്യദിനത്തിലെ വിശ്വാസം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം അന്ത്യദിനത്തിലെ വിശ്വാസം എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. ഇത് ഇസ്ലാം നമ്മെ പഠിപ്പിക്കുന്ന കാര്യമാണ്. ഒരു വ്യക്തിയുടെ മരണശേഷം, അവന്റെ ആത്മാവ്, നമ്മിൽ നിന്നും തികച്ചും വിഭിന്നമായ ഒരു ലോകത്തായിരിക്കും കഴിഞ്ഞുകൂടുന്നത്. പ്രസ്തുത ലോകത്തിന് പറയുന്ന പേര് ബർസഖ് എന്നാകുന്നു. വിചാരണ ദിനം വരെയും നാമവിടെയായിരിക്കും കഴിയുന്നത്. പ്രസ്തുത ദിനത്തിൽ അല്ലാഹു(ത) എല്ലാവരെയും അന്ത്യകണക്കെടുപ്പിനായി ഒരുമിച്ചു കൂട്ടുന്നതാണ്. യഥാർത്ഥ വിശ്വാസി സ്വർഗത്തിലേക്കും, മറ്റുള്ള മോശദൈവദാസന്മാർ നരകത്തിലേക്കും! ഇത്തരം കാര്യങ്ങളിലുള്ള വിശ്വാസം ഇസ്ലാമിന്റെ ആറ് സ്തംഭങ്ങളിൽ പെട്ട ഒരു സ്തംഭമാകുന്നു. ആയതിനാൽ, ഇതുസംബന്ധമായി ഒരു വിശ്വാസി മനസ്സിലാക്കുകയും, ഇതിൽ ഒരു ധാരണ ഉണ്ടായിരിക്കൽ അത്യാവശ്യവുംമാകുന്നു.

കൃത്യമായി പറഞ്ഞാൽ, ഓരോ വ്യക്തിയും, വിധിദിനത്തിന് അവൻ സ്വയം സാക്ഷ്യം വഹിക്കേണ്ടതായി വരും. അവൻ മരിക്കുമ്പോൾ അവൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ഏതു സംഘത്തിലായിരുന്നുവോ അവൻ അതിലായിരിക്കും. ഉദാഹരണത്തിന്, നിത്യജീവിതത്തിൽ, നാം ഒരു മഹാവിപത്തു നേരിടുന്നു. അല്ലെങ്കിൽ ഒരു മഹാവിപത്ത്, ഉണ്ടാകുന്നതായി അറിയുന്നു. അതേ തുടർന്ന് ലക്ഷക്കണക്കിനാളുകൾ മരണമടയുന്നു. അപ്പോൾ ഈ ആളുകളെ സംബന്ധിച്ചിടത്തോളം, ഈ ഭൂമിയിലെ അന്ത്യദിനമാണ്; അന്ത്യസമയമാണ്. അവർ അവരുടെ അന്ത്യവിധിയെ അഭിമു

ഖീകരിക്കേണ്ടി വരും. അത് ബർസഖീലൂടെ കടന്നുപോയതിനുശേഷമായിരിക്കും. അപ്പോൾ മാത്രമെ അവർക്ക് അവരുടെ അന്തിമവിധി എന്താണെന്ന് അറിയുവാൻ കഴിയുകയുള്ളു. അവിശ്വാസികൾ പറയുന്നു. ആ സമയം ഞങ്ങൾക്ക് വന്നെത്തുകയില്ല. പറയുക. അങ്ങനെയല്ല. എന്റെ നാഥനെ കൊണ്ടു സത്യം. തീർച്ചയായും അത് നിങ്ങൾക്ക് വന്നെത്തുന്നതാണ് (34:4)

അവിശ്വാസികൾ ആയിതീരുവാൻ കാരണം എല്ലാ മതങ്ങളും അതിന്റെ ഉൽപത്തിയിൽ നിന്നും വേർപിരിഞ്ഞുപോയിരിക്കുന്നു. സത്യത്തിൽ അദ്വൈതവാദസിദ്ധാന്തത്തിലായിരുന്നു അവയെല്ലാം. ഉദാഹരണത്തിന് ജൂതമതം, ക്രിസ്തുമതം ഇവരാരും മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നില്ല, അന്തിമ വിധിയിലും വിശ്വസിക്കുന്നില്ല. അവരിൽ അധിക പേരും ഭൂമിയിലെ അവരുടെ ജീവിതം അതുമാത്രമെ ഉള്ളു എന്ന് വിശ്വസിക്കുന്നവരാണ്. മരണത്തോടെ എല്ലാം അവസാനിക്കുന്നു. അതാണവരുടെ അവസാനജീവിതം! എന്നാൽ മറ്റു ചിലരാകട്ടെ, പുനരവതാരത്തിൽ വിശ്വസിക്കുന്നു. അതായത് അവർ വീണ്ടും മറ്റു ശരീരങ്ങളിലൂടെ പുനരവതരിക്കുന്നതാണ്. മനുഷ്യരൂപത്തിലാകാം. മൃഗരൂപത്തിലാകാം അവർ ഭൂമിയിൽ വീണ്ടും വീണ്ടും വന്നുകൊണ്ടിരിക്കുന്നതാണ്. അതു ഉടനെ ആകാം അല്ലെങ്കിൽ, ഇപ്പോഴത്തെ മരണത്തിനു ശേഷം നൂറ്റാണ്ടുകൾക്ക് ശേഷമായിരിക്കും. ജീവിതത്തെ പറ്റിയുള്ള അവരുടെ ഈ ചിന്ത ഈ വീക്ഷണം തികച്ചും തെറ്റായതു തന്നെയാണ്.

മുസ്ലിംകൾ എന്ന നിലയിൽ, നാം അറിയണം, നാം മനസ്സിലാക്കണം, നമ്മുടെ വിശ്വാസം പടുത്തുയർത്തിയിരിക്കുന്നത് ആറ് സ്തംഭങ്ങളിലാണ് എന്ന്! നമ്മുടെ വിശ്വാസം അല്ലാഹുവിലുള്ള വിശ്വാസം, അവന്റെ മാലാഖമാരിലുള്ള വിശ്വാസം, അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, അവന്റെ പ്രവാചകന്മാരിലുള്ള വിശ്വാസം, അന്ത്യദിനത്തിലുള്ള വിശ്വാസം നന്മയും തിന്മയും അല്ലാഹുവിന്റെ അറിവിലൂടെയും, നിയമത്തിലൂടെയും, സൃഷ്ടിപ്പിലൂടെയുമാണുണ്ടാകുന്നത്. മരണാന്തരം ജീവിതത്തിലുള്ള ദൃഢവിശ്വാസം തർക്കരഹിതമായ സത്യമാണ്.

ആമൻതുബില്ലാഹി, വ മലാഇക്കത്തിഹി, വറുസുലിഹി, വൽയൗമിൽ ആഖിരി, വബിൽ ഖദ്‌രി ഖൈരിഹി വ ശർറിഹി മിനല്ലാഹി തആല, വൽബഅ്തു ബഅ്ദൽ മൗതി ഹഖുൻ

കാര്യം ഇങ്ങനെ ആണെങ്കിലും, വിശുദ്ധഖുർആൻ നമ്മുടെ വിശ്വാസത്തെകുറിച്ചുള്ള കൂടുതൽ സമയവും, രണ്ടു സ്തംഭങ്ങളെകുറിച്ചാണ് ഓർമ്മിപ്പിക്കുന്നത്. വിശിഷ്യാ അല്ലാഹുവിലുള്ള വിശ്വാസവും വിധിനാളിലുള്ള

വിശ്വാസവും. ഹദീസുകളിൽ ഈ രണ്ടു കാര്യങ്ങളെകുറിച്ച് അതായത് നമ്മുടെ പ്രിയ പ്രവചാകൻ മുഹമ്മദ്(സ) കൂടുതലായി പരാമർശിച്ചിട്ടുമുണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു. ''നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് നല്കപ്പെടുന്ന ഉപദേശമാണിത്''(2:233)

വിശുദ്ധപ്രവാചകൻ (സ) പറഞ്ഞു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ ഒന്നുകിൽ അവർ നല്ലവാക്കു പറയട്ടെ അല്ലെങ്കിൽ അവർ നിശബ്ദത പാലിക്കട്ടെ (ബുഖാരി)

ഈ ഹദീസ് അനുസരിച്ച്, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ള ഒരു വിശ്വാസി, ഒരവിശ്വാസിയോട് തന്റെ പെരുമാറ്റ രീതിയിലൂടെ അത് പ്രകാശിപ്പിക്കേണ്ടതാണ്. ആർക്കാണോ വിശ്വാസമുള്ളത്, അതായത് ഒരിക്കൽ അവൻ നിശ്ചയമായും മരണപ്പെടുന്നതാണ്. അവൻ അല്ലാഹുവിന്റെ കോടതിയിൽ ഹാജരാകേണ്ടതായി വരുന്നതാണ്, എന്നിട്ട് അവൻ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ പോകേണ്ടി വരുന്നതാണ്, എന്ന് വിശ്വാസമുള്ളവൻ, അത് തടയപ്പെടുന്ന ഒരു ജീവിതം അവൻ നയിക്കുവാൻ പാടില്ല. അപ്പോൾ അവൻ അല്ലാഹുവിനെ ഭയന്നുകൊണ്ടുള്ള തഖ്‌വയിലധിഷ്ഠിതമായ ഒരു ജീവിതമാണ് നയിക്കേണ്ടത്, അവൻ ഒരു അവിശ്വാസിയെപോലെ പെരുമാറുവാൻ പാടില്ല. ഒരവിശ്വാസിയെ സംബന്ധിച്ചിടത്തോളം, അവനുതോന്നുന്നതുപോലെ, ജീവിക്കുവാൻ അവന് സ്വാതന്ത്ര്യമുണ്ട്, അത് ഇസ്ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണെങ്കിലും കാര്യമില്ല! എന്നാൽ, ഒരു മുസ്ലിം, ഒരു നല്ല വിശ്വാസിയെപോലെ മാത്രമെ പെരുമാറുവാൻ പാടുള്ളു. ഒരു സത്യവാനായ വിശ്വാസി, ദൈവീക നിർദ്ദേശമനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. അവൻ ഒരിക്കലും പേരിൽ മാത്രമുള്ള മുസ്ലിമായിരിക്കുവാൻ പാടില്ല. അപ്പോൾ അവനും അവിശ്വാസിയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അപ്പോൾ ഒരുവിശ്വാസി, അല്ലാഹുവിന്റെ ക്രോധം വരുത്തുന്ന എല്ലാ പ്രവർത്തനങ്ങളും ഒഴിവാക്കേണ്ടതാണ്. ഇസ്ലാമിന്റെ ചിട്ടവട്ടങ്ങൾക്കകത്ത് അവൻ നിലകൊള്ളേണ്ടതാണ്, അതിലൂടെയാണ് അവന് അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുവാൻ സാധിക്കുകയുള്ളു. ഒരു ഉത്തമനായ വിശ്വാസിക്കറിയാം, ഇന്നല്ലെങ്കിൽ നാളെ, അവന്, അവന്റെ സൃഷ്ടാവിന്റെ അടുത്തേക്ക് മടങ്ങിപോകേണ്ടതായിട്ടുണ്ട്, അവന്റെ പ്രവർത്തനങ്ങൾക്കുള്ള കണക്ക് ബോധിപ്പിക്കേണ്ടതായിട്ടുണ്ട്, അല്ലാഹുവിനോടുള്ള അവന്റെ ഭയം നിമിത്തം നിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് അവൻ അകലം പ്രാപിക്കുന്നു.

സത്യം ഇതാണ്, വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ ഭൂമിയിലെ ജീവിതം ഒരു പരിക്ഷണമാണ്. അവൻ (അതോടൊപ്പം നമ്മളെല്ലാവരും)

വിധിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ മുൻപിൽ, ഓരോ പ്രവർത്തിയും പരിശോധിച്ച് നമ്മുടെ അന്തിമസ്ഥലം സ്വർഗ്ഗമാണോ അതോ നരകമാണോ എന്ന് തീരുമാനിക്കപ്പെടുന്നതാണ്. അന്ത്യദിനത്തിൽ, ആദിനം ഖിയാമത്ത് ദിനമാണ്. അവന്റെ കാര്യത്തിൽ അന്തിമവിധി തീരുമാനിക്കപ്പെടുന്നതുമാണ്. വിധിനാളിൽ, വിധിക്കപ്പെട്ട ആത്മാവിന്, അതിന്റെ പ്രതിഫലം പൂർണ്ണതോതിൽ ലഭിക്കുന്നതാണ്. അവൻ നല്ലവനാണെങ്കിൽ, ദൈവകല്പന അനുസരിച്ച് അവൻ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, അവന് അവന്റെ ഉത്തമ പ്രതിഫലം ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി, അവന്റെ സ്വർഗ്ഗത്തിൽ ഒരിടം! എന്നാൽ അവൻ ചീത്തയായവനും, അവന്റെ സൃഷ്ടാവിനെ അനുസരിക്കാത്തവനും ആയിരുന്നെങ്കിൽ, അവന് ഏറ്റവും ചീത്തയായ പ്രതിഫലം ലഭിക്കുന്നതാണ്, നരകത്തിൽ ഒരു നിശ്ചിതകാലം അല്ലെങ്കിൽ അനന്തമായ വാസം, അവന്റെ ഉദ്ദേശങ്ങൾക്കും പ്രവർത്തനങ്ങൾക്കും അനുസൃതമായ നിലയിൽ!

അന്ത്യദിനത്തിന്, അല്ലാഹു(ത) എല്ലാ ജീവികളെയും, ഭൂമിയിൽ നശിപ്പിക്കുന്ന ദിനത്തിനും പറയുന്നതാണ്. ഭൂമിക്കും അതിലെ അന്തേവാസികൾക്കുമുള്ള അവസാനദിനം! എന്നിട്ട് അവരെ അവൻ ഉയർത്തെഴുന്നേല്പിക്കും. എന്നിട്ട് അല്ലാഹു(ത) അവന്റെ നീതി അവരെ ബോധ്യപ്പെടുത്തും.

അല്ലാഹു(ത) പറയുന്നു ആ സമയം വരുകതന്നെ ചെയ്യും. അതിൽ ഒരു സംശയവുമില്ല, പക്ഷെ, മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുന്നില്ല (40:60)

അത് സത്യമാണോ എന്നവർ നിന്നോട് അന്വേഷിക്കുന്നു (അതായത് ശിക്ഷയും, അന്ത്യദിനവും, ഉയർത്തെഴുന്നേല്പും) പറയുക. അതെ, എന്റെ നാഥനെകൊണ്ട് സത്യം ചെയ്യുന്നു. അത് പരമസത്യം തന്നെയാണ്. നിങ്ങൾക്കതിൽ നിന്നും രക്ഷപ്പെടുവാൻ കഴിയുകയില്ല(10:54)

ഇബ്നു ഉമർ(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറയുന്നതായി ഞാൻ കേട്ടു. ഉയർത്തെഴുന്നേല്പു നാളിൽ, വിശ്വാസിയെ അവന്റെ രക്ഷിതാവിന്റെ സമീപത്തേക്ക് കൊണ്ടു വരപ്പെടുന്നതാണ്. അങ്ങനെ അവൻ അവന്റെ സംരക്ഷണയിൽ ആയിതീരുന്നതാണ്. അങ്ങനെ അവന്റെ തെറ്റുകളെ ബോധ്യപ്പെടുത്തികൊണ്ട് പറയുന്നതാണ്. ഈ പറയപ്പെട്ടതൊക്കെ തെറ്റാണെന്ന് നീ സമ്മതിക്കുന്നുണ്ടോ? അവൻ അപ്പോൾ മറുപടി പറയും. അതോ രക്ഷിതാവോ! ഞാൻ കുറ്റം സമ്മതിക്കുന്നു. അപ്പോൾ അല്ലാഹു അവനോട് പറയും. ഞാനീ തെറ്റുകൾ ലോകം അറിയാതെ മറച്ചുവെച്ചു. ഇന്ന് ഞാനത് നിനക്ക് മാപ്പുചെയ്തു തരുന്നു. എന്നിട് അവൻ അവന്റെ നല്ല പ്രവർത്തനങ്ങൾക്കുള്ള പുസ്തകം അവന് കൈമാറുന്നു. മറിച്ച്, അവിശ്വാസികളെയും കപടവിശ്വാസികളെയും മുഴുവൻ ആളുകളുടെയും മുന്നിലേക്ക് വിളിക്കുന്നതാണ് എന്നിട്ട് അവരോട് പറയപ്പെടും!തങ്ങളുടെ രക്ഷി

താവിന്റെ മേൽ കള്ളം കെട്ടിപ്പറഞ്ഞവരാണവർ! ഈ പീഡകന്മാരുടെ മേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ! (ബുഖാരി, മുസ്ലിം)

വിധിനാൾ ദിനത്തിലെ വിശ്വാസവും, ജീവിതവും, മരണവും അന്തിമ അഭയകേന്ദ്രവും, സ്വർഗ്ഗവും നരകവും പരസ്പരബന്ധിതങ്ങളാണ്. കാരണം നമ്മുടെ മരണശേഷം, നാം അല്ലാഹുവിന്റെ അന്തിമവിധിയിലൂടെ കടന്നു പോകേണ്ടവരാണ്, അതിലൂടെ നാം ഒന്നുകിൽ ശാശ്വത സന്തോഷം അല്ലെങ്കിൽ ശാശ്വത സന്താപം! അത് നമ്മുടെ നല്ലതും ചീത്തയുമായ പ്രവർത്തനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

അല്ലാഹു(ത) പറയുന്നു "വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് സൃഷ്ടികളിലേറ്റവും ഉൽകൃഷ്ടർ. തങ്ങളുടെ നാഥന്റെ സവിധത്തിൽ അവർക്കുള്ള പ്രതിഫലം എന്നെന്നും നിലനില്ക്കുന്ന ഉദ്യാനങ്ങളാകുന്നു. അവയുടെ താഴ്ഭാഗത്തു കൂടെ അരുവികളൊഴിക്കൊണ്ടിരിക്കും. അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും. അല്ലാഹു അവരെകുറിച്ച് സംതൃപ്തനായി, അവർ അവനെകുറിച്ചും സംതൃപ്തരായി. തന്റെ നാഥനെ ഭയപ്പെടുന്നവർക്കുള്ളതാണത്. (98:8,9)

തീർച്ചയായും നാം അക്രമികൾക്ക് ഒരു തീ ഒരുക്കിവെച്ചിട്ടുണ്ട്. അതിന്റെ മേക്കട്ടി അവരെ വലയം ചെയ്തിക്കുന്നു. അവർ സഹായം തേടുന്നതായാൽ ഉരുകിയ ലോഹം പോലെയുള്ള ജലം കൊണ്ട് അവർക്ക് സഹായം നല്കപ്പെടും. അത് മുഖത്തെ കരിച്ചുകളയും. അത് എത്രയും ചീത്തപാനീയം! എത്രയും ചീത്ത വിശ്രമസ്ഥാനവും! 18:30

അല്ലാഹു(ത) നമ്മോട് അനുകമ്പകാണിക്കട്ടെ! നമ്മുടെ തെറ്റുകുറ്റങ്ങൾ അവൻ നമുക്ക് മാപ്പ് ചെയ്യട്ടെ! അവന്റെ തൃപ്തിയുടെ കവാടങ്ങൾ നമുക്കായി മലർക്കെ തുറക്കട്ടെ! ഇഹലോകത്തും പരലോകത്തും! നല്ല പ്രവർത്തനങ്ങളാൽ പ്രശോഭിതമായ ഒരു ഭാവി! അവന്റെ അനന്തസൗഭാഗ്യം നമ്മുടെ മേൽ എന്നും ഉണ്ടാകട്ടെ! ഇൻശാ അല്ലാഹ്! ആമീൻ.

*Translated & Issued By :*
***R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***Ph : 9447001832, 6238065545***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***